പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1584

01-11-2019-ലെ മറുപടിയ്ക്ക്

## 2018, 2019 വർഷങ്ങളിലെ പ്രളയക്കെടുതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ജെ. മാക്സി** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | 2018, 2019 എന്നീ വർഷങ്ങളിലുണ്ടായ പ്രളയക്കെടുതി, ഉരുൾ പൊട്ടൽ എന്നിവ മൂലം സംസ്ഥാനത്തെ കാർഷിക മേഖലയിൽ ആകെ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) & (ബി) | 2018 വർഷത്തിലെ മഹാപ്രളയത്തെ തുടർന്ന് 236649.5 ഹെക്ടർ സ്ഥലത്ത് 19001.84 കോടി രൂപയുടെയും 2019 വർഷത്തെ പ്രളയത്തെ തുടർന്ന് സ്മാർട്ട് സോഫ്റ്റ് വെയർ പ്രഥമ വിവര റിപ്പോർട്ട് പ്രകാരം 26.10.2019 വരെ 93225.02 ഹെക്ടർ സ്ഥലത്ത് 1669.92 കോടി രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. ധാന്യ വിളകൾ, പയറു വർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജന വിളകൾ, എണ്ണക്കുരുക്കൾ, തോട്ടവിളകൾ എന്നീ മേഖലകളിലെ കർഷകരെയാണ് പ്രളയം പ്രധാനമായും ബാധിച്ചത്. |
| (ബി) | ഇതു മൂലം എത്ര ഹെക്ടർ കൃഷിയിടം നശിച്ചു; ഏതെല്ലാം മേഖലയിലെ എത്ര കർഷകരെ ഇത് ബാധിച്ചു; വിശദമാക്കുമോ; | | |
| (സി) | കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി; ഇതിനായി എത്ര തുക ചെലവഴിച്ചു; എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വ്യക്തമാക്കുമോ; | (സി) | 2018-ലെ മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് 305964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 238376 കർഷകർക്ക് എസ്.ഡി.ആർ. ഫണ്ടിൽ നിന്നും 146.19 കോടി രൂപയുടെ ധന സഹായം 15-10-2019 വരെ വിതരണം ചെയ്തിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം 164.5 കോടി രൂപ 315113 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ച 110.50 കോടി രൂപ 224610 കർഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ലഭിച്ച 54 കോടി രൂപ 90503 കർഷകർക്കും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായ 13775 കർഷകർക്ക് നഷ്ടപരിഹാരമായി 21.58 കോടി രൂപ 2018-ലും 55.3 കോടി രൂപ 19538 കർഷകർക്ക് |

| | | | |
|---|---|---|---|
| | | | 2019-ലും അനുവദിച്ചിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ബീമാ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും, വായ്പ എടുത്തിട്ടും വിളയിറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷ്വറൻസ് തുകയുടെ 25% നൽകിയിട്ടുണ്ട്. ആലപ്പുഴ, കോട്ടയം ജില്ലകളിലെ 3727 കർഷകർക്കായി 7.04 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇതു മൂലം കഷ്ടപ്പെടുന്ന കർഷകരുടെ മുഴുവൻ കാർഷിക കടങ്ങളും എഴുതി തള്ളിയും പുനഃസൃഷ്ടിക്കായി പലിശ രഹിത വായ്പ ലഭ്യമാക്കിയും കർഷകരെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കാർഷിക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് വയനാട് ജില്ലയിൽ 2014 മാർച്ച് 31 വരെയുള്ള വായ്പകൾക്ക് നൽകി വന്നിരുന്ന ആനുകൂല്യം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും കർഷക കടാശ്വാസ കമ്മീഷൻ അൻപതിനായിരം രൂപയ്ക്ക് മേലുള്ള കുടിശ്ശികയ്ക്ക് നൽകുന്ന ആനുകൂല്യം ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷക കടാശ്വാസ കമ്മീഷൻ മുഖേനയുള്ള കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ 2019 നവംബർ 15 വരെ സമയം അനുവദിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് നെൽ കൃഷിയ്ക്ക് വായ്പ എടുത്തശേഷം വായ്പ കാലാകാലങ്ങളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കുന്ന പലിശ രഹിത വായ്പാപദ്ധതി സംസ്ഥാന സഹകരണ വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു.<br>കർഷകർ എടുക്കുന്ന ഹ്രസ്വകാല വായ്പകൾക്ക് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ (താങ്ങ് പലിശ) ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി പ്രകാരം 7% പലിശ നിരക്കാണ് ഈടാക്കുന്നത്. പ്രസ്തുത ലോണുകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 3% കൂടി സബ്സിഡി അനുവദിച്ചിട്ടുണ്ട്. കിസാൻ ക്രഡിറ്റ് കാർഡ് ഉള്ളവർക്ക് കൃഷി വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന പക്ഷം 4% താങ്ങ് പലിശ ഒരു വർഷത്തേയ്ക്ക് ലഭിക്കാൻ സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | അർഹതയുണ്ടായിരിക്കുന്നതാണ്. ദീർഘകാല വിളകൾക്ക് വേണ്ടിയുള്ള പുതിയ ലോണുകളുടെ 9% വരെയുള്ള പലിശ ഒരു വർഷത്തേയ്ക്ക് സർക്കാർ ഏറ്റെടുക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**